


# വായനക്കാരുടെ കത്തുകൾ, പ്രതികരണങ്ങൾ, അറിയിപ്പുകൾ

## ഓസോൺ പാളിയിൽ ദ്വാരമോ?

**വിനോദ്കുമാർ ദാമോദർ, കോഴിക്കോട്**

ഇക്കഴിഞ്ഞ ദിവസം പ്രസിദ്ധ മാസികയായ സയന്റിഫിക് റിപ്പോർട്ട് നൽകിയ റിപ്പോർട്ടനുസരിച്ച് ടിബറ്റിന് മുകളിലുള്ള ഓസോൺ പാളിയിൽ ഇന്ത്യയുടെ 1/4 ഭാഗം വിസ്തീർണ്ണമുള്ള (അതായത് 25 മില്യൺ സ്ക്വയർ കിലോമീറ്റർ വരുന്ന) ഒരു ദ്വാരം കണ്ടതായി പറയുന്നു. ഈ ദ്വാരം കണ്ടയിടത്ത് വെറും 220 ഡോബ് സോൺ യൂനിറ്റ്സ് മാത്രമേ ഓസോൺ പാളികയ്ക്കു കട്ടിയുണ്ടായിരുന്നുള്ളുവെന്നും റിപ്പോർട്ടുകൾ പറയുന്നു. മറ്റൊരു പഠനം പറയുന്നത്. ഈ മേഖലയിലെ രാസപദാർത്ഥങ്ങളുടെ അളവ് വളരെ കൂടിയതായി കണ്ടുവരുന്നുവെന്നാണ്. ഭൂമിയിലെ മലിനീകരണത്തിന്റെ അളവ് കൂടി വരുമ്പോഴാണ് സാധാരണയായി ഈ തരത്തിൽ ഓസോൺ പാളികയിൽ വിള്ളൽ വരുന്നത്. അന്റാർട്ടിക്ക്, ആർട്ടിക്ക് സമുദ്രങ്ങളുടെ മേലുള്ള വിള്ളലുകളുടെ അത്ര ഗൗരവമുള്ള വിള്ളലുകളല്ല ടിബറ്റിന്റെ മുകളിലുള്ളതെങ്കിലും ഭൂമിയിലെ മലിനീകരണത്തിന്റെ പാർശ്വഫലങ്ങളുടെ ഫലം തന്നെയാണീ വിള്ളലുകൾ.

ഗ്ലോബൽ വാമിംഗ്എന്ന് ശാസ്ത്രജ്ഞന്മാർ വിശേഷിപ്പിയ്ക്കുന്ന പ്രക്രിയയുടെ ഭാഗം തന്നെയാണിതെന്ന് കാൺപൂർ ഐ.ഐ.ടി.യിലെ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ടിബറ്റിലെ ഈ പരിണിതം അവിടത്തെ അന്തരീക്ഷത്തെ മാത്രമല്ല ലോകത്തെ തന്നെയുള്ള അന്തരീക്ഷത്തിൽ വന്നേയ്ക്കാവുന്ന വ്യതിയാനത്തിന്റെ താക്കീതാണെന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. ശക്തമായ കാറ്റടിയ്ക്കുന്നതും മറ്റു കാരണങ്ങളാണ്. എന്നാൽ ഈ ദ്വാരം ഒരു സ്ഥിരം ദ്വാരമായി പരിണമിയ്ക്കുമോ എന്നതിനേക്കുറിച്ച് പഠനം നടന്നുവരുന്നതേയുള്ളു.

ഓസോൺ ദിനവുമായി ബന്ധപ്പെട്ടു ഇതിനേക്കുറിച്ചു കൂടുതൽ അവബോധമുണ്ടാക്കാൻ ശ്രമങ്ങൾ നടത്തും. ഗ്ലോബൽ വാമിംഗിന്റെ പരിണിതഫലമായാണ് പെസഫിക് സമുദ്രത്തിന്റെ മുകളിലൂടെ പറക്കുന്ന കാറ്റിന്റെ ശക്തി കുറഞ്ഞത്. അത് ലോകത്തിന്റെ പലയിടത്തും കാലാവസ്ഥയിൽ മാറ്റം വരുത്തുവാൻ ഇടവരുത്തുമെന്ന് ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ഗിൽബെർത്ത് വാക്കർ പറയുന്നു. ഇത് ഓസോൺ പാളികളെ മാത്രമല്ല ഇന്ത്യയിലെ കാലവർഷത്തെ മൊത്തമായും ബാധിയ്ക്കും. ഇന്തോനേഷ്യ തീരത്തെ ശീതോഷ്ണത്തെ ബാധിയ്ക്കുന്ന ഈ പ്രക്രിയ ഇന്ത്യയിലെ മഴ തന്നെകുറക്കാനിടവരുത്തുമെന്നദ്ദേഹം കൂട്ടിചേർത്തു. അമ്പതുശതമാനം മനുഷ്യപ്രവർത്തികൾ മൂലം സംഭവിയ്ക്കുന്നവയാണിവ.

●

## മുത്തങ്ങയും പ്ലാച്ചിമടയും : സാമൂഹിക നീതിക്കായി ജനങ്ങൾ ഐക്യപ്പെടണം

**വിളയോടി വേണുഗോപാൽ, പ്ലാച്ചിമട**

പ്ലാച്ചിമടസമരവും മുത്തങ്ങ സമരവും കേരളത്തിലെ സാമൂഹികജീവിതത്തിൽ ജനശ്രദ്ധയാകർഷിച്ച രണ്ട് പ്രശ്നങ്ങളാണ് . ഈ രണ്ടു പ്രശ്നങ്ങളിലും ഇവ തേടുന്ന പരിഹാരങ്ങളിലും ചില സമാനതകളുണ്ട്. ഇവ രണ്ടും കേരളത്തിലെ ഒരു വിഭാഗം പാർശ്വവത്കൃത ജനതയുടെജീവിതോപാധികളായ മണ്ണും വെള്ളവും കയ്യേറ്റം ചെയ്യപ്പെടുന്നതിന്റെ പ്രശ്നമാണ് ഉന്നയിക്കുന്നത്. രണ്ടും കേരളത്തിലെ ഭരണവ്യവസ്ഥയുടെ പക്ഷപാതിത്വത്തെയാണ് ചോദ്യം ചെയ്യുന്നത് . ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയിരിക്കുന്നത് കേരളത്തിലെ തന്നെ വാരേണ്യവിഭാഗത്തിൽ പെട്ടവരാണ്. പ്ലാച്ചിമടയിൽ കുടിവെള്ളവും കൃഷിവെള്ളവും കൈയ്യേറിയിരിക്കുന്നത് ബഹുരാഷ്ട്ര കുത്തക കമ്പിനിയാണ്. പക്ഷേ ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥ പ്രകാരം ഇവ പരിഹരിക്കാൻ ബാധ്യസ്ഥരായ ഭരണകർത്താക്കൾക്ക് ഭരണവ്യവസ്ഥയെ കീഴ്പെടുത്തിയിരിക്കുന്ന പക്ഷപാതിത്വം കൊണ്ട് ഇത് പരിഹരിക്കാനാകുന്നില്ല അതു കൊണ്ട് പ്രശ്നബാധിതരായ ആളുകൾക്ക് തന്നെ പ്രശ്നപരിഹാരത്തിനായി പ്രക്ഷോഭത്തിന്റെ പാത സ്വീകരിക്കേണ്ടിവന്നിരുക്കുന്നു. ഇത്തരം പ്രക്ഷോഭത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പരസ്പരം തിരിച്ചറിഞ്ഞ് സഹായിക്കുകയും പ്രശ്നപരിഹാരത്തിനാവശ്യമായ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് വിജയം നേടാനാവൂ. ഇന്ന് മുത്തങ്ങാദിനം ആചരിക്കു



മ്പോൾ സാമൂഹിക നീതിക്കായുള്ള ജനങ്ങളുടെ ഐക്യം ഉയർത്തിപിടിക്കാൻ നമുക്ക് കഴിയട്ടെ. മുത്തങ്ങയുടേയും പ്ലാച്ചിമടയുടേയും സമാനതകൾ നോക്കുമ്പോൾ അവ ആവശ്യപ്പെടുന്ന പരിഹാരങ്ങളിലെ സമാനതയും നാം തിരിച്ചറിഞ്ഞാൽ നമ്മുടെ ഐക്യപ്പെടലിന്റെ ശക്തി വർദ്ധിപ്പിക്കാനായേക്കും. മുത്തങ്ങയും പ്ലാച്ചിമടയും ആവശ്യപ്പെടുന്നത് ജീവനോപാധികളുടെ മേൽ ജനങ്ങൾക്കുള്ള അധികാരമാണ്. ജനാധികാരം എന്നത് ഇന്ത്യൻഭരണഘടനയിൽ അടങ്ങിയിട്ടുള്ള ജനാധിപത്യം തന്നെയാണ് . അതുകൊണ്ടാണ് സ്വയംഭരണം എന്നതിന് ഭരണഘടനാപരമായിത്തന്നെ സാധൂകരണം ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നത് . സ്വരാജ് സ്വപ്നം കണ്ട ഗാന്ധിജി പറഞ്ഞ ഒരുവാക്യം ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട് നിർത്തട്ടെ. ഒരു പറ്റം ആളുകൾക്ക് യഥേഷ്ടം അധികാരം കൈയാളാനവസരം ലഭിക്കുമ്പോഴല്ല മറിച്ച് വഴി തെറ്റുന്ന അധികാരത്തെ നിയന്ത്രിക്കാനുള്ള അവസരം ജനങ്ങൾക്ക് ലഭിക്കുമ്പോഴാണ് യഥാർത്ഥ സ്വരാജ് സംജാതമാകുന്നത്. സ്വയംഭരണം എന്ന ജനാധികാരം നേടുന്നതിന് മേൽപ്പറഞ്ഞതുപോലെ അധികാരത്തെ നിയന്ത്രിക്കാനുള്ളശേഷി നമുക്ക് നേടാനാവട്ടെ . ഈ അനുസ്മരണയോഗം പോലുള്ള പ്രവർത്തനങ്ങൾഅതിനുള്ള അവസരമായിരിക്കട്ടെ. (19.02.2007, കൊച്ചി)●

## ഹോ, എന്തൊരു ചൂട് !

**യാക്കോബ്, കൊടകര**

ഫെബ്രുവരി ആയതേയുള്ളു. സഹിക്കാനാവുന്നില്ല. പകൽ കൊടുംചൂട്, രാത്രി തണുപ്പും. കേരളത്തിലെ, ലോകത്തിലെ കാലാവസ്ഥ മാറുകയാണ്. ഇക്കൊല്ലം കൊടിയ വേനൽ. കാടായകാടെല്ലാം പോയല്ലോ. പുഴകൾ വരണ്ടു. മരങ്ങൾ കുറഞ്ഞു. കെട്ടിടങ്ങൾ പെരുകി, വികസനാസക്തിയും. മനുഷ്യർ മാത്രമല്ല ജന്തുജീവജാലങ്ങളും എരിപിരി സഞ്ചാരത്തിൽ. നഗരങ്ങളിൽ പാർക്കാനേ കഴിയുന്നില്ല. പാടങ്ങളെല്ലാം ഇനി കേരളത്തിൽ സിനിമയിലും പഴയ ഫോട്ടോകളിലും മാത്രം കാണാം. എന്ന സ്ഥിതിയിലേക്ക് മലയാളി തീരുമാനമെടുത്തിരിക്കുന്നു. ജലസംഭരണികളായ കുന്നുകളെല്ലാം ഇടിച്ചുനിരപ്പാക്കി വികസനം പൊന്തുകയാണല്ലോ. സഹിക്കുകതന്നെ. ഇനിയെത്രകാലം?●

## പ്ലാച്ചിമട, മയിലമ്മ, കേരളീയം

**രഞ്ജിനി, കേച്ചേരി**

കഴിഞ്ഞ ലക്കം (114) കണ്ടു. പ്ലാച്ചിമട സമരം ഉന്നയിക്കുന്ന പ്രശ്നങ്ങളേക്കാൾ വ്യക്തികളിലും വിവാദങ്ങളിലും ഊന്നുന്ന പത്രമാധ്യമ ശൈലിയിൽനിന്ന് വ്യത്യസ്തമായി നല്ലൊരു കേരളീയമായിരുന്നു കിട്ടിയത്. സംതുലിതമായി മയിലമ്മയുടെ മരണവും സമരത്തെക്കുറിച്ചുള്ള ആരോപണങ്ങളും അവയ്ക്കുള്ള മറുപടിയും സമരത്തിനാസ്പദമായ അടിസ്ഥാന രാഷ്ട്രീയവും ചേർത്തുവെച്ചു കൊടുത്തതുകൊണ്ട് നേരിട്ട് ബന്ധപ്പെടാത്ത ഞങ്ങൾക്കും കാര്യങ്ങൾ വെളിപ്പെട്ടുകിട്ടി, സന്തോഷം, അഭിനന്ദനങ്ങൾ.●

## സിപിഐ(എം), ഇടതുപക്ഷം, പൊതുസമൂഹം.

**എൻ.പി.ജെ., അങ്കമാലി**

ഈയടുത്തകാലത്ത് മലയാള മാസികകളിൽ ശ്രദ്ധേയമായി തോന്നിയ വായനാനുഭവമായിരുന്നു കേരളീയം നൽകിയത്. ടി.ടി. ശ്രീകുമാറിനെ വായിച്ചപ്പോൾ സമരങ്ങളും ഇടത്പാർട്ടികളുടെ ചതിയും കുറച്ചൊക്കെ വെളിപ്പെട്ടുതുടങ്ങി. ഇത്തരം വിശകലനാത്മക ലേഖനങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.●

## എ.ഡി.ബി. പേടി?

**സുഗുണപാലൻ, കരമന**

കഴിഞ്ഞ രണ്ടു ലക്കങ്ങളായി കേരളീയത്തിലും മറ്റു മാധ്യമങ്ങളിലും കാണുന്ന എ.ഡി.ബി.? വാർത്തകൾ പുതിയൊരു തിരിച്ചറിവ് ഉണ്ടാക്കുന്നുണ്ട്. യുവജന പ്രസ്ഥാനങ്ങളുടെ വഞ്ചനയും ഷണ്ഡത്വവും മധ്യവർഗ്ഗ ആലസ്യം ബാധിച്ച പൊതുമനസ്സും ആധുനിക സാങ്കേതികവിദ്യയും വിവര വിപ്ലവവും വർദ്ധിച്ചിട്ടും കാര്യങ്ങളിൽ വ്യക്തതയില്ലാത്ത ഗൂഢാത്മകരീതികളും അതിനോടുള്ള പ്രതികരണമില്ലായ്മയും. കടംവാങ്ങലല്ല പ്രശ്നം. കടക്കെണിയിലാവുമെന്ന യാഥാർത്ഥ്യവും സ്വാതന്ത്ര്യവും പരമാധികാരവും നഷ്ടപ്പെടലുമാണ്. പേടി തോന്നുന്നു.●

## അഴിമതിയുടെ കാണുംകയങ്ങൾ....

**പി.എം. രവീന്ദ്രൻ, കൽപ്പാത്തി**

കുട്ടിക്കുരങ്ങന്മാരുടെ കയ്യിലിരുന്ന അപ്പം കുറുക്കൻ പങ്കുവെച്ച കഥ നമ്മൾ സ്കൂളിൽ ചേർന്ന നാളുകളിൽ പഠിച്ചു. പിന്നീട്, കച്ചവടത്തിന്നായിവന്ന

സായിപ്പന്മാർ നാടുവാഴികൾ തമ്മിലുള്ള കലഹങ്ങളെ ചൂഷണം ചെയ്ത് അവരുടെ ഭരണം എങ്ങിനെ സ്ഥാപിച്ചുവെന്നും നമ്മൾ പഠിച്ചു. ഈ ഭരണം നിലനിർത്താൻ എങ്ങിനെ അവർ ജനങ്ങളെ തമ്മിലടിപ്പിക്കുകയും ജന്മശത്രുക്കളാക്കുകയും ചെയ്തു എന്നതും ചരിത്രം പഠിപ്പിച്ച പാഠം. ഇത്തരത്തിലൊരു കഥയാണ് വാളയാറിൽ സ്ഥാപിക്കാൻ പോകുന്ന സംയോജിത ചെക്ക് പോസ്റ്റിനും (ഐ.സി.പി.) പറയാനുള്ളത്.

വാളയാറും ചന്ദ്രപുരവും ഒരു ഗ്രാമപഞ്ചായത്തിലെ രണ്ടു വാർഡുകൾ. തമിഴ്നാട് കഴിഞ്ഞ് കേരളത്തിലേക്ക് കടക്കുമ്പോൾ ആദ്യം കാണുന്നത് വാളയാർ ഡാമും അതിനോട് ചേർന്ന് സിമെന്റിനാൽ മൂടപ്പെട്ട കാടും ആണ്. റോഡരുകിൽ ചന്ദ്രാപുരത്തുള്ള വിൽപ്പന നികുതി ചെക്ക്പോസ്റ്റിൽ ഊഴം കാത്തുകിടക്കുന്ന ലോറികളുടെ നിര. കോടിക്കണക്കിന് രൂപ ചിലവാക്കി നിർമ്മിച്ച ഈ ചെക്ക്പോസ്റ്റിൽ ആദ്യം അടിച്ച പെയിന്റിന് മങ്ങലേറ്റു തുടങ്ങുന്നതേയുള്ളൂ. അപ്പോഴാണ് വില്പന നികുതി, വനം, വാഹനം, പോലീസ് എന്നിവയ്ക്കെല്ലാം കൂടി ഒരു സംയോജിത ചെക്ക്പോസ്റ്റ് എന്ന ആശയം ഉത്ഭവിക്കുന്നത്. ആദ്യമായാണ് അടുത്ത അമ്പത് വർഷത്തെ ആവശ്യം മുൻനിർത്തി ഇന്ത്യയിൽത്തന്നെ ആദ്യം.

### പ്രസക്തിയുള്ള കാര്യം ഇങ്ങനെ...

ഇന്നത്തെ സാഹചര്യത്തിൽ ഇപ്പോഴത്തെ വിൽപ്പന നികുതി ചെക്ക്പോസ്റ്റിനെ വിപുലീകരിക്കുകയാണ് ആവശ്യം. കൂടുതൽ വേണ്ട സ്ഥലവും ഈ ചെക്ക് പോസ്റ്റിന് ചുറ്റും തന്നെ തരിശായിട്ടുണ്ടുതാനും. പക്ഷെ ഇന്നത്തെ നാടുവാഴികൾക്ക് വെള്ളം കലക്കി മീൻ പിടിക്കാനാണല്ലോ പരിചയം. അപ്പോൾ ഇവിടേയും അതിന്നുതന്നെ അവർ ശ്രമിച്ചു. കോടികൾ മുടക്കിയ വിൽപ്പന നികുതി ചെക്ക്പോസ്റ്റും തരിശ്ഭൂമിയും അവിടെ കിടക്കട്ടെ. പുതിയ ആശയത്തിന് വളക്കൂറുള്ള മണ്ണുതന്നെ വേണം. അത് കുളങ്ങളും കിണറുകളും നിറഞ്ഞ, കൊല്ലത്തിൽ രണ്ടും മൂന്നും തവണ കൃഷിചെയ്യുന്ന പാടങ്ങളാണെങ്കിലും ശരി, അവയെല്ലാം വെട്ടിനിരത്തിക്കോളാം. മാപ്പിൽ സ്ഥലം മാർക്ക് ചെയ്തു, നോട്ടിഫിക്കേഷനും ആയി. അപ്പോഴാണ് പരിസ്ഥിതി പ്രവർത്തകർ രംഗത്തെത്തുന്നത്. അപ്പോഴാണ് പാവം നാട്ടുകാരും ചതിയുടെ ആഴവും പരപ്പും മനസ്സിലാക്കുന്നതും. എന്തായാലും വാളയാറുകാരും തുടങ്ങേണ്ടതായിരിക്കാം. ഭാഗ്യത്തിന് പരിസ്ഥിതി പ്രവർത്തകരായ ഇന്ത്യനൂർ ഗോപിമാഷും ഡോ. പി.എസ്. പണിക്കരും രംഗത്തെത്തി. ഇന്ന് ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളും ഭൂവുടമകളും കച്ചവടക്കാരും അടങ്ങുന്ന ഒരു ജനകീയ സമിതി നീതിയുക്തവും ന്യായയുക്തവുമായ പരിസമാപ്തിക്കായി ശ്രമം ആരംഭിച്ചിട്ടുണ്ട്. ●

## ഒടുവിൽ കിട്ടിയത്

**ആതിരപ്പിള്ള വൈദ്യുതപദ്ധതിക്ക് അനുമതി! കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതികൊടുക്കാൻ പോകുന്നു.**

ഉടനെ ഇടപെടുക.

സന്ദേശമയക്കുക:

pgsastri@yahoo.co.uk, Ph: 01124362827

**വിവരങ്ങൾക്ക്: മോഹൻദാസ്, 9895977769**

## കോരയാർ പുനരുജ്ജീവിപ്പിക്കണം

**ഡോ.പി.എസ്.പണിക്കർ,**
**ഭാരതപ്പുഴസംരക്ഷണസമിതി, പാലക്കാട്**

കോരയാർ മദ്ധ്യകേരളത്തിന്റെ ജീവരേഖയായ ഭാരതപ്പുഴയുടെ ഒരു പ്രധാന പോഷകനദിയാണ്. ജില്ലയുടെ കിഴക്കൻ പ്രദേശത്തുകൂടി ഒഴുകുന്ന കൈവഴികളായ കാരായ് പുഴ, വരട്ടാർ, വാളയാർ എന്നിവ ചേർന്ന് കഞ്ചിക്കോട്ട് വ്യവസായ മേഖലയിൽ കൂടി ഒഴുകി കടുക്കാംകുന്നിൽ മുക്കൈ പുഴയിലെത്തി കല്പാത്തിപ്പുഴയിൽ ചേരുന്നു. കാൽനൂറ്റാണ്ടിനുമുമ്പ്, കേരളത്തിലെ രണ്ടാമത്തെ വ്യവസായമേഖലയായ കഞ്ചിക്കോട് വ്യവസായമേഖല സ്ഥാപിക്കുന്നതിനുമുമ്പ് ഈ പുഴ ഈ പ്രദേശത്തുകാർ കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിച്ചുവന്നു. വ്യാപകമായ കയ്യേറ്റവും, മണൽവാരലും മാലിന്യങ്ങൾ തള്ളലും മൂലം ഈ പുഴ ഇന്ന് സർവനാശം നേരിടുകയാണ്. കഞ്ചിക്കോട്ടെ 32 ഇരുമ്പുരുക്കു ഫാക്ടറികളിൽ ഭൂരിപക്ഷവും ഇതിന്റെ നദീതടത്തിലാണ്. കൂടാതെ മറ്റുചില കെമിക്കൽ ഫാക്ടറികളും ഉണ്ട്.

ഇതിൽ ഒരു ഡസനിലേറെ ഫാക്ടറികൾ പുഴയോരത്തുള്ള അതിരുകല്ലുകൾ പിഴുതുമാറ്റി ഏക്കർ കണക്കിന് പുഴ കയ്യേറിയിട്ടുണ്ട്. മുൻപ് 80 മീറ്റർ വീതിയുണ്ടായിരുന്ന പുഴക്ക് ഇപ്പോൾ 10 മീറ്റർ പോലുമില്ല. ഇതുമൂലം പുഴക്ക് ഒഴുകാൻ ഇടമില്ല എന്നതാണ് ദുരവസ്ഥ. മണൽവാരൽ മൂലം പുഴയിൽ വലിയ ഗർത്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ചില സ്വകാര്യവ്യക്തികൾ പടുകൂറ്റൻ പമ്പുസെറ്റുകൾ സ്ഥാപിച്ച് പുഴയിലെ വെള്ളം ചോർത്തിയെടുക്കുന്നുമുണ്ട്.ജനങ്ങളുടെ മുറവിളിയെ തുടർന്ന് സർക്കാർ നിർദ്ദേശം അനുസരിച്ച് ജില്ലാഭരണകൂടവും സർവേ വിഭാഗവും ഇപ്പോൾ പുഴ സർവ്വേ ചെയ്യുവാനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും മുന്നോട്ടു വന്നിട്ടുള്ളത് സ്വാഗതാർഹമാണെന്ന് ഭാരതപ്പുഴ സംരക്ഷണസമിതിയുടെ ഒരു പ്രസ്താവനയിൽ പറയുന്നു. എല്ലാ കയ്യേറ്റങ്ങളും കർക്കശമായി ഒഴിപ്പിച്ച് അതിരുകല്ലുകൾ സ്ഥാപിക്കണം. മലിനീകരണ നിയന്ത്രണനിയമങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ ഫാക്ടറികൾ ഖരമാലിന്യങ്ങൾകൊണ്ടുവന്ന് പുഴയിൽ തള്ളിയിരിക്കുന്നത്.ആയിരക്കണക്കിന് ലോഡ് മാലിന്യങ്ങൾ വരും. ലോഹമാലിന്യങ്ങൾ ഉൾപ്പെടുന്ന ഇവ വെള്ളവും മണ്ണും മലിനീകരിക്കുകയും പരിസ്ഥിതിയെ തകർക്കുകയും ചെയ്യുന്നു. മലിനീകരിക്കുന്നവർ നഷ്ടപരിഹാരം നൽകണമെന്നാണ് വ്യവസ്ഥ. അതുകൊണ്ട് ഈ കമ്പനികളിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുകയും അവയെകൊണ്ട് ഈ ഖരമാലിന്യങ്ങൾ നീക്കം ചെയ്യിക്കുകയും വേണം. വിഷപ്പുക വമിപ്പിച്ച് വെള്ളവും വായുവും മലിനീകരിക്കുന്നതിന്

ദയവായി വരിസംഖ്യ ഉടൻതന്നെ പുതുക്കൂ

**കേരളീയം വരിസംഖ്യാനിരക്ക്**

12 ലക്കം 180 രൂപ

എം.ഒ./ഡിഡി/പി.ഒ./ചെക്ക് അയയ്ക്കുക

**കേരളീയം**

കേരളീയം, കൊക്കാലെ, തൃശൂർ-21.

ഫോൺ : 9388872845, 9447674375

പുറമേയാണ്, ഈ കരണ്ടുതീനിക്കമ്പനികളുടെ നദിക്കയ്യേറ്റം. മലിനീകരണ നിയന്ത്രണ ബോർഡിന്റേയും റവന്യൂ അധികാരികളുടെയും പഞ്ചായത്തുകളുടെയും ഒത്താശയോടെയാണ് ഈ കമ്പനികളുടെ ജനദ്രോഹ നടപടികൾ. ഇവയ്ക്കെതിരെ മാതൃകാപരമായ നടപടികൾ വേണം. രാഷ്ട്രീയ കമ്മിറ്റികളും യുവജന സംഘടനകളും തൊഴിലാളികളും കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറവും ഇതിനെതിരെ പ്രതികരിക്കണം. 47-ൽപരം ഇരുമ്പുരുക്കു ഫാക്ടറികൾ ജില്ലയുടെ തീരാശാപമാണ്. ഇപ്പോഴത്തെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ ഇവയ്ക്കെതിരെ ശക്തമായി പ്രതികരിച്ചിരുന്നതാണ്. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി, 2005-ൽ കല്പാത്തിപ്പുഴ ശുദ്ധീകരിച്ചതുപോലെ ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും കൂടി കോരയാറിലെ മാലിന്യങ്ങളും കയ്യേറ്റങ്ങളും നീക്കി, ശുദ്ധീകരിച്ച് ഈ പുഴയെ നാശത്തിൽനിന്ന് രക്ഷിക്കണമെന്നും വേണമെന്നുണ്ടെങ്കിൽ ജില്ലാഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ കെട്ടിക്കിടക്കുന്ന നദീസംരക്ഷണ ഫണ്ടും ഇതിലേക്ക് ഉപയോഗിക്കണമെന്നും പ്രസ്താവനയിൽ തുടർന്ന് ആവശ്യപ്പെടുന്നു.●

## സ്ത്രീ - സാഹിത്യരചന

അന്വേഷി വിമെൻസ് റീഡിംഗ് റൂം & ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഈ വർഷവും സ്ത്രീകൾക്കുമാത്രമായി ഒരു സാഹിത്യ രചനാമത്സരം നടത്തുന്നു. കഥ, കവിത, നാടകം, ഉപന്യാസം, ചിത്രരചന എന്നിവയിലാണ് മത്സരം സംഘടിപ്പിക്കുന്നത്. സൃഷ്ടികൾ മാർച്ച് 15 ന് മുമ്പ് ലഭിക്കത്തക്കവിധം താഴെക്കാണുന്ന വിലാസത്തിൽ അയച്ചിരിക്കണം. സ്വന്തം പേരും വിലാസവും പ്രത്യേകം പേപ്പറിൽ എഴുതി പൻ ചെയ്യേണ്ടതാണ്. അന്വേഷി ലൈബ്രറി സംഘടിപ്പിക്കുന്ന സാഹിത്യസെമിനാറിൽ വെച്ചായിരിക്കും വിജയികൾക്കുള്ള സമ്മാനദാനം നടത്തുന്നത്. വിശദവിവരങ്ങൾക്ക് അന്വേഷി ലൈബ്രറിയുമായി ബന്ധപ്പെടുക. ●

അന്വേഷി വിമെൻസ് റീഡിംഗ് റൂം & ലൈബ്രറി,
കുതിരവട്ടം പി.ഒ., കോഴിക്കോട്-16,
ഫോൺ : 0495- 2744370




ചങ്ങാതീ...

2002 സെപ്തംബർ 2 ന് കലശമലക്കുന്നത്ത് വെച്ചാണ് ആദ്യമായി നമ്മൾ നിലാവത്ത് ഒത്തു ചേർന്നത്... തുടർന്നുള്ള വർഷങ്ങളിൽ കുഞ്ഞാലിപ്പാറയിലും ഭാരതപ്പുഴയിലും മൂർക്കാട്ടുപാറയിലും നമ്മളൊ ത്തുകൂടി...അഞ്ചുവർഷത്തിനുശേഷം നമ്മൾ വീണ്ടും കലശമലക്കുന്നിലേക്കെത്തുകയാണ്". മാർച്ച് 3-ാം തിയ്യതി ശനിയാഴ്ച പൗർണമി നാളിൽ... നിലാവിന്റെ പ്രിയ സുഹൃത്തായിരുന്ന ബിജു എസ്ബാലനെ ഓർക്കാൻ കൂടിയാണ് ഈ കൂടിച്ചേരൽ... നിലാവ് കൂട്ടായ്മ പുറത്തിറക്കുന്ന ബിജുവിന്റെ കുറിപ്പുകളുടെ സമാഹാരത്തിന്റെ പ്രീ-പബ്ലിക്കേഷൻ കൂപ്പൺ വിതരണാരംഭവും ഇതോടൊപ്പം നടത്തേണ്ടതുണ്ട്...

കുംഭനിലാവറിയാൻ, സൗഹൃദങ്ങൾ പുതുക്കാൻ, കഞ്ഞിയും പുഴുക്കും കഴിക്കാൻ, പാട്ടും കവിതയും അനുഭവങ്ങളും കളിയും കഥ പറച്ചിലുമായ്, ഓർമ്മകളുടെ ഒരു രാത്രി കൂടി പങ്കിടാൻ, വീട്ടുകാരോടും കൂട്ടുകാരോടുമൊത്ത് ഇത്തവണയും താങ്കൾ നേരത്തേയെത്തണം... വരുന്ന വിവരം മുൻകൂട്ടി അറിയിക്കുകയും വേണം...

*കുന്നംകുളം-അക്കിക്കാവ് റോഡിൽ പാറേമ്പാടം ബസ് സ്റ്റോപ്പിൽ ഇറങ്ങി കിഴക്കോട്ട് 1.5 കി.മീ വന്നാൽ അകതിയൂർ സ്കൂളായി. അവിടെ വൈകീട്ട് 6.30 യ്ക്ക് ഒത്തുചേർന്ന് രാത്രി ഭക്ഷണ ശേഷം കുന്നത്തേക്ക് യാത്ര തുടങ്ങാം...*

ബന്ധങ്ങൾക്ക്
പ്രമോദ്.കെ.എസ്, '**നിലാവ്**' C/O പി.ബി.നമ്പർ-100
തൃശൂർ-1, ഫോൺ : 9447674375

## അടുത്ത ലക്കങ്ങളിൽ

**ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസം:** ഡോ. നിസാർ അഹമ്മദ്

**ജലം, വിഭവം, അധികാരം:** പ്രൊഫ. പി.കെ. രവീന്ദ്രൻ, ഡോ. എം.പി. പരമേശ്വരൻ, പ്രൊഫ. എം.കെ. പ്രസാദ്, ഡോ.സതീഷ്ചന്ദ്രൻ.

**പ്ലാച്ചിമട നിലപാട് :** രഞ്ജിത് തങ്കപ്പൻ, ആർ. അജയൻ, സി.ആർ. നീലകണ്ഠൻ....